# 3

# ദൈവത്തെ പഴിക്കാമോ?

## (ഇയ്യോബ് 13; 14; 16; 17; 19; 21)

ഒരു വൃദ്ധയായ സ്ത്രീ തന്റെ വീടിന്റെ മുൻഭാഗത്ത്, ഉന്തുവിയിലിരുന്നപ്പോൾ, വീടുകൾ കയറിയിറങ്ങി ബൈബിൾ വിറ്റ് തന്റെ കോളേജ് വിദ്യാഭ്യാസത്തിനു പണമുാക്കിയിരുന്ന ഒരു യുവാവ് അവരുടെ അടുക്കൽ ചെന്നു. അപ്പോൾ അവൾ ദൈവത്തെ പ്രാകുവാനും, ദൈവത്തിന്റെ മുഖത്തേക്ക് തുപ്പുന്നു എന്ന് പറഞ്ഞു വായുവിലേക്കു തുപ്പുവാനും തുടങ്ങി.

അവളുടെ ജീവിതം നശിപ്പിച്ചതിന് അവൾ ദൈവത്തെ പഴിക്കുകയായിരുന്നു. അവളുടെ കൗമാരപ്രായത്തിന്റെ അവസാനഘട്ടത്തിൽ, അവളും, അവളുടെ പ്രതിശ്രുതവരനും, മറ്റൊരു ദമ്പതിമാരും യാത്ര ചെയ്തിരുന്ന കാർ റെയിൽവേ ട്രാക്കിലെത്തിയപ്പോൾ, അതുവഴി വന്ന ട്രെയിൻ അവരുടെ കാറിലിടിക്കുകയും, അവളൊഴിച്ച് കാറിലുായിരുന്ന മറ്റെല്ലാവരും മരിക്കുകയും അവൾ രക്ഷപ്പെടുകയും ചെയ്തു; പക്ഷെ അവൾ അരക്ക് താഴെ തളർന്നു പോയതുകൊ് അവൾക്ക് പിന്നീട് ഉന്തുവിയിൽ മാത്രമെ ചലിക്കുവാൻ കഴിയു. തന്നെ ഈ നിലയിൽ എന്തിനാണ് ദൈവം ജീവിപ്പിച്ചത് എന്നാണ് അവൾ ചോദിച്ചുകൊിരുന്നത്. ഓരോ ദിവസവും, അവൾ ഇയ്യോബിനെ പോലെ മരിക്കുവാൻ ആഗ്രഹിച്ചു. തന്നെ എന്തിനാണ് ദൈവം ജീവിപ്പിച്ചതെന്ന് മനസിലാക്കുവാൻ അവൾക്ക് കഴിഞ്ഞില്ല. കരുണാമയനായ ദൈവത്തിന് അവളെ മറ്റുള്ളവരോടൊപ്പം മരിക്കുവാൻ അനുവദിക്കാമായിരുന്നില്ലേ എന്നാണ് അവൾ ചിന്തിച്ചത്. മറ്റുള്ളവരേക്കാൾ അധികമായി ദൈവം അവളെ ശിക്ഷിച്ചതെന്തിനാണെന്ന് അവൾ സംശയിച്ചു.

ആ സ്ത്രീക്ക് സംഭവിച്ചതുപോലെയുള്ള ദുരിതം വരുന്നതു മനസിലാക്കുവാൻ ഇയ്യോബിന്റെ പ്രശ്നങ്ങൾ നമ്മെ സഹായിക്കും. ഇയ്യോബ് 13-ൽ തന്റെ പ്രശ്നങ്ങളുടെ നടുവിൽ അവൻ ചിന്തിക്കുന്നതും, അവന്റെ നിരാശ നമുക്ക് മനസിലാക്കുവാനും അവനോടൊപ്പം സഹതപിക്കുവാനും കഴിയും.

### ഇയ്യോബിന്റെ കാര്യം ദൈവമുമ്പിൽ

ഇയ്യോബിന്റെ സ്നേഹിതന്മാർ അവനെ സഹായിച്ചില്ല (12:2; 13:2, 4, 5; 16:2-4; 19:2–5). അവൻ എന്തോ തെറ്റു ചെയ്തിട്ടു് എന്ന് അവർ ആരോപിച്ചു, പക്ഷെ അത് എന്താണെന്ന് പറയുവാൻ അവർക്ക് കഴിഞ്ഞില്ല. അവർ നന്നായി അർത്ഥമാക്കി, പക്ഷെ മനസിലാക്കലിൽ അവർ കുറവുള്ളവരായിരുന്നു. അവർക്ക് ദൈവത്തെ കുറിച്ച് കൂടുതൽ അറിയാമെന്ന് നടിച്ചു അവരുടെ ഉൾക്കാഴ്ച്ചയും ചിന്തയും തൻനിമിത്തം മറികടന്നുപോയി. ദൈവം കാണുന്നതുപോലെ ജീവിതത്തെ കാണുവാൻ അവർക്ക് കഴിഞ്ഞില്ല. സംഭവിക്കുന്നതിനെകുറിച്ച് അവർക്ക് "ഭൗമികമായ" തിൽനിന്നു കുറച്ചുകൂടെ കാര്യങ്ങൾ മാത്രം അവർക്ക് അറിയാമായിരുന്നു. തങ്ങളുടെ കഴിഞ്ഞകാല അനുഭവത്തിൽനിന്നും തങ്ങളുടെ നിരീക്ഷണങ്ങളിൽനിന്നും ലഭിച്ച അറിവു

വെച്ചുകൊുമാത്രമാണ് അവർ സംസാരിച്ചത്. കഴിഞ്ഞകാല പാഠങ്ങൾ മനസി ലാക്കുവാൻ അവർ ചരിത്രത്തെയാണ് ആശ്രയിച്ചത് (8:8).

ഇയ്യോബും, കൂടെ, വ്യക്തിപരമായ അനുഭവങ്ങളിൽ ആശ്രയിച്ചിരുന്നു, എന്നാൽ ദുഷ്ടന്മാർ തഴെച്ചുവളരുന്നതും ദീർഘായുസോടെ ഇരിക്കുന്നതും അവൻ കു. അവർ സ്വാധീനശക്തിയുള്ളവരും സന്താനപുഷ്ടിയുള്ളവരുമാ യിരുന്നു. ദൈവം അവരെ ശിക്ഷിച്ചില്ല. അവരുടെ കന്നുകാലികൾ പെറ്റുപെരു കിയിരുന്നു. അവർ മക്കളിൽ ആസ്വദിച്ചിരുന്നു. അവർ സ്വത്തു സമ്പാദിക്കുക യും, കഷ്ടത കൂടാതെ പെട്ടെന്ന് മരിക്കയും ചെയ്യുന്നു (21:7-13). ദുഷ്ടന്മാർ ദൈവത്തെ ധിക്കരിക്കുന്നതുപോലും അവൻ കിട്ടു്. സമ്പൽസമൃദ്ധി പ്രാപ ിച്ചവർ ദൈവത്തെ സേവിക്കുന്നതിൽ പ്രയോജനം കത്തെുകയോ അവരുടെ വിശ്വസങ്ങൾ മറെച്ചുവെക്കുവാൻ ശ്രമിക്കുകയോ ചെയ്തില്ല (21:14, 15). ഇയ്യോബിനെ ഇത് പരിഭ്രാന്തനാക്കി.

മനുഷ്യചരിത്രം ദൈവമനസ് വെളിപ്പെടുത്തണമെന്നില്ല. നമുക്ക് അനു ഭവങ്ങളും ജീവിതത്തിലെ കുപിടിത്തങ്ങളും മാത്രമാണുള്ളതെങ്കിൽ, നാം ഇരുട്ടിൽ തപ്പുന്നവരായിരിക്കും. ദൈവത്തിന്റെ നടത്തിപ്പ് ഇല്ലെങ്കിൽ, ജീവിത ത്തിലെ പല പ്രതിസന്ധികൾക്കും നമുക്ക് ഉത്തരം കത്തെുവാൻ കഴിയാതെ വരും. അതുകൊാണ് ഇയ്യോബിന്റെ കാര്യം അവൻ ദൈവത്തിൽ ഏല്പിക്കു വാൻ തീരുമാനിച്ചത്. അവന്റെ സ്നേഹിതന്മാർ വെറുതെ കുറെ വാക്കുകൾ ദൈവത്തിന്റെ വായിൽ ഇട്ടതല്ലാതെ, കാര്യം ദൈവത്തിൽ അവതരിപ്പിച്ചില്ല എന്ന് അവനു ബോധ്യമായി.

## ഇയ്യോബിന്റെ പരിഭ്രാന്തിയും സ്വയ-പരിതാപവും

ചുരുങ്ങിയതും കുഴപ്പങ്ങൾ നിറഞ്ഞതും അന്യായവുള്ള ഒന്നായിട്ടായി രുന്നു ഇയ്യോബ് ജീവിതത്തെ കത് (14:1-4). "മനുഷ്യൻ ... അല്പാ-യുസു ള്ളവനും കഷ്ടസമ്പൂർണ്ണനുമാണ്." ഇയ്യോബ് വിലപിച്ചു. അതിൽ നീതി കത്തെുവാൻ അവന് കഴിഞ്ഞില്ല. അവൻ സംശയിച്ചു, "മനുഷ്യന് അത്ര ചുരു ങ്ങിയ കാലയളവാണ് ജീവിക്കുവാനുള്ളതെങ്കിൽ, ദൈവം അവന് എന്തുകൊ് അല്പം വിശ്രമം കൊടുത്തുകൂടാ?" ഈ ജീവിതശേഷം, മറ്റൊരു ജീവിതം മനുഷ്യർക്ക് ു് എന്ന് അവന്, ആ സമയത്ത് ഉായിരുന്നില്ല എന്നു കാണാം. അവൻ പറഞ്ഞു, "മനുഷ്യൻ പൂപോലെ വിടർന്നു കൊഴിഞ്ഞുപോകുന്നു, ന ിലനിൽക്കാതെ നിഴൽപോലെ ഓടിപോകുന്നു" (14:2).

മരണശേഷം മനുഷ്യൻ ജീവിക്കുന്നതിനേക്കാൾ വെട്ടിയ വൃക്ഷത്തിന് കൂടുതൽ പ്രത്യാശയു്, കാരണം അതു വീും കിളുർക്കും. വീും, അവന് എടു ക്കുവാനുള്ളത് അവന്റെ ഭൗമിക അനുഭവങ്ങളിൽനിന്നു മാത്രമാണ്. വൃക്ഷ ങ്ങൾ മുറിച്ചാൽ വീും കിളുർക്കുന്നത് അവൻ കിട്ടു്, പക്ഷെ മരിച്ചവരിൽനിന്ന് ആരും എഴുന്നേറ്റ് അവൻ കിട്ടില്ല. അവൻ പറഞ്ഞു,

> പുരുഷനോ മരിച്ചാൽ ദ്രവിച്ചുപോകുന്നു, മർത്യൻ പ്രാണനെ വിട്ടാൽ പ ിന്നെ അവൻ എവിടെ? സമുദ്രത്തിലെ വെള്ളം പൊയ്പോകുന്നതുപേ ാലെയും ആറു വറ്റി ഉണങ്ങി പോകുന്നതുപോലെയും മനുഷ്യൻ കിട ന്നിട്ട് എഴുന്നേൽക്കുന്നില്ല. ആകാശം ഇല്ലാതെയാകുംവരെ അവൻ ഉണ രുന്നില്ല. ഉറക്കത്തിൽനിന്നു ജാഗരിക്കുന്നതുമില്ല (14:10-12).

ക്രിസ്തുവിന് ആയിരക്കണക്കിന് വർഷങ്ങൾക്ക് മുൻപായിരുന്നു ഇയ്യോബ് ജീവിച്ചിരുന്നത്, അതുകൊ് നമുക്ക് ഇന്നുള്ളതുപോലെയുള്ള ഉയർത്തെഴുന്നേല്പിന്റെ ഉറപ്പ് അവനുായിരുന്നില്ല.

വാസ്തവത്തിൽ, തന്റെ ഇപ്പോഴത്തെ സാഹചര്യം പോലെയാണ് സംഭവിക്കുന്നതെങ്കിൽ, വീും ജീവിക്കുവാൻ തന്നെ ഇയ്യോബ് ആഗ്രഹിച്ചിരുന്നില്ല. അവൻ സ്വയ-പരിതാപത്തിൽ കിടന്നു മറിയുകയായിരുന്നു. നാം അത്തരത്തിൽ സ്വയ-പരിതാപത്തിൽ ആയിരിക്കുമ്പോൾ, നമുക്ക് ഏകാഗ്രത നഷ്ടമാകും. എങ്ങനെയായാലും, ഇയ്യോബ് പറയുമ്പോലെ, 14:13 ഒരാഗ്രഹത്തെ പരിചയപ്പെടുത്തുന്നു,

> നീ എന്നെ പാതാളത്തിൽ മറെച്ചു വെക്കയും
> നിന്റെ കോപം കഴിയുവോളം
> എന്നെ ഒളിപ്പിക്കയും
> എനിക്ക് ഒരവധി നിശ്ചയിച്ചു എന്നെ ഓർക്കുകയും
> ചെയ്തുവെങ്കിൽ കൊള്ളായിരുന്നു!

ദൈവത്തിന്റെ കോപം നീങ്ങിപോകുന്നതുവരെ - പാതാളത്തിൽ എങ്ങനെയെങ്കിലും ഒളിച്ചാൽ കൊള്ളാമായിരുന്നു എന്ന് ഇയ്യോബ് ആഗ്രഹിച്ചു, പിന്നെ ദൈവം അവന് ഒരു സമയം നിശ്ചയിച്ച് ജീവിതത്തിലേക്ക് തിരിച്ചുവരുവാൻ അനുവാദം തരട്ടെ. അവൻ നിർത്തിയിട്ട് ചോദിക്കുന്നു, "മനുഷ്യൻ മരിച്ചാൽ വീും ജീവിക്കുമോ?" (14:14). അവന് തീർച്ചയില്ലായിരുന്നു എന്ന് വാക്യം 7 മുതൽ 12 വരെ സൂചിപ്പിക്കുന്നു. എങ്കിൽ, എങ്ങനെയായാലും, അതുവരെ അവന്റെ ദുരിതാനുഭവം തുടരേിവരുമല്ലൊ.

ദൈവം തന്നോട് കഠിനമായിട്ടാണ് ഇടപെടുന്നതെന്ന് ഇയ്യോബിന് തോന്നി (14:16-19). ജീവിതത്തിന്റെ രംഗം കടക്കുവാൻ ഏതാനും പടികൾ മാത്രമാണ് തനിക്ക് ദൈവം നൽകിയത്, പിന്നെ അവൻ ഓരോ തെറ്റും ചികഞ്ഞുകൊിരിക്കുന്നു എന്ന് ഇയ്യോബ് പറഞ്ഞു. അവന്റെ സുഖകരമായ ജീവിതത്തിനുള്ള ആശ പാറ പൊടിഞ്ഞ് മണലായി വെള്ളത്താൽ ഒഴുകി അരുവിയായി തീരുന്നതുപോലെ ആയി. സമയത്തിന് മുമ്പ് താൻ ചുളിവുള്ളവനായി തീരേിന്ന്, ദൈവം അവന് എതിരായെന്ന് അവൻ വിചാരിച്ചു. തന്നെ അരച്ച് ശത്രുക്കൾക്ക് ഇട്ടുകൊടുത്തതിന്ന് അവൻ ദൈവത്തെ കുറ്റപ്പെടുത്തി (16:7-14). ദൈവം അവനെ വെറുത്തു എന്നാണ് അവൻ കരുതിയത്, പക്ഷെ എന്തുകൊാണെന്ന് അവനു മനസിലായില്ല, കാരണം അവൻ മോശമായി ജീവിച്ചിരുന്നില്ല (16:17). അവൻ തന്നെ ദൈവമുൻപാകെ നിർമ്മലനായി കത്, അവന്റെ പരീക്ഷണങ്ങൾ മനസിലാക്കുവാൻ അവൻ കൂടുതൽ വിഷമിച്ചു.

അവന്റെ കുടുംബവും സ്നേഹിതരും അവന്റെ ശത്രുക്കൾ എന്നപോലെയാണ് പെരുമാറിയത് (16:1-6, 20; 17:2-5; 19:2-5, 13-19), ഇയ്യോബ് തന്നെത്താൻ ദുഃഖിച്ചു. അവർക്ക് സ്ഥാനം മാറ്റുവാൻ കഴിഞ്ഞിരുന്നുവെങ്കിൽ, തനിക്ക് തന്റെ സ്നേഹിതന്മാർ കൊുവന്ന ആശ്വാസത്തേക്കാളധികം ആശ്വാസം അവൻ അവർക്ക് നൽകുമായിരുന്നു എന്നത് തീർച്ചയായി അവന് തോന്നി. അവൻ അവർക്കെതിരെ അത്ര മോശമായി സംസാരിക്കുമായിരുന്നില്ല. അവൻ ഒരിക്കലും അവർക്കെതിരായി വാക്കുകളുടെ ബാഹുല്യത്താൽ അവരെ തലകുനിപ്പിക്കുമായിരുന്നില്ല. അവരുടെ ദുഃഖം ശമിപ്പിക്കുവാൻ താൻ എന്തെങ്കിലും

പറയുമായിരുന്നു എന്ന് അവന് തോന്നി.

അവന്റെ സ്നേഹിതന്മാർ അവനെ ശാസിച്ചു, അവന്റെ സഹോദരന്മാർ അവനെ വിട്ടുപോയി, അവന്റെ പരിചയക്കാർ ഉപേക്ഷിച്ചുപോയി, അവന്റെ വീട്ടിലെ ദാസന്മാർ ഒരു അപരിചിതനെ പോലെ അവനെ കണക്കാക്കി, അവന്റെ ഭാര്യ അവനെ കില്ലെന്ന് നടിച്ചു, കുട്ടികൾ അവനെ നിന്ദിച്ചു. ഒരിക്കൽ തന്നെ സ്നേഹിച്ച എല്ലാവരും തനിക്ക് എതിരായിരിക്കുന്നു എന്ന് അവനു തോന്നി.

ഇയ്യോബ് മരിക്കുവാൻ മാത്രമാണ് ആഗ്രഹിച്ചതു (17:1, 11-16). തന്റെ ദുഃഖത്തിന് ആശ്വാസം ലഭിക്കുന്ന ഏക സ്ഥലം കല്ലറയാണെന്നാണ് അവൻ വിചാരിച്ചത്. പ്രത്യാശക്ക് അവൻ ഒരു വഴിയും കില്ല. അതിനെ മറികടക്കുവാൻ അവൻ ആഗ്രഹിച്ചു. ജീവിക്കുന്നതിൽ ഇനി എന്തെങ്കിലും അർത്ഥമുന്നെ് അവന് തോന്നിയില്ല. കല്ലറ അവന് ഏക അഭയസ്ഥാനമാണെന്ന് ഇയ്യോബിന് തോന്നി, അവൻ പറഞ്ഞു, "ഞാൻ ദ്രവത്വത്തോട്, 'നീ എന്റെ അപ്പൻ' എന്നും; പുഴുവിനോട്, 'നീ എന്റെ അമ്മയും സഹോദരിയും' എന്നും പറഞ്ഞിരിക്കുന്നു; ആർ എന്റെ പ്രത്യാശയെ കാണും?" (17:14, 15).

## ഇയ്യോബ് ദൈവത്തെ കുറ്റപ്പെടുത്തുന്നു

ആദ്യം ഇയ്യോബ് ദൈവത്തെ മൗഢ്യമായി കുറ്റപ്പെടുത്തിയില്ല: "ഇതിലൊന്നിലും ഇയ്യോബ് പാപം ചെയ്യുകയോ ദൈവത്തിൽ ഭോഷത്വം ആരോപിക്കയോ ചെയ്തില്ല" (1:22). "നാം ദൈവത്തിന്റെ കയ്യിൽനിന്ന് നന്മ കൈക്കൊള്ളുന്നു; തിന്മയും കൈക്കൊള്ളേണ്ടതല്ലയോ?" എന്ന് ഇയ്യോബ് തന്റെ ഭാര്യയോട് പറഞ്ഞു (2:10). പിന്നെ അവൻ തന്നെ തകർത്തു പ്രതിയോഗിയായതിന് അവൻ ദൈവത്തെ കുറ്റപ്പെടുത്തി, "അവൻ കോപത്തിൽ എന്നെ കീറി ഉപദ്രവിക്കുന്നു, അവൻ എന്റെ നേരെ പല്ലു കടിക്കുന്നു; ശത്രു എന്റെ നേരെ കണ്ണു കൂർപ്പിക്കുന്നു, അവർ എന്റെ നേരെ വായ്പിളർക്കുന്നു" (16:9).

തന്റെ അവസ്ഥയെ കുറിച്ച് ഇയ്യോബ് പറഞ്ഞതെല്ലാം വാസ്തവമായിരുന്നു. അവയെല്ലാം സംഭവിക്കുവാൻ ദൈവമാണ് അനുവദിച്ചത്. അതിന്റെ പിന്നിലുള്ള ഉദ്ദേശം ഇയ്യോബ് മനസിലാക്കിയില്ല, എന്നാൽ തനിക്ക് സംഭവിക്കാതിരുന്നതിനൊന്നും അവൻ ദൈവത്തെ കുറ്റപ്പെടുത്തിയില്ല. തന്നോട് ഇങ്ങനെ ചെയ്തതിൽ ദൈവത്തിന്റെ ന്യായത്തെ അവൻ ചോദ്യം ചെയ്തു. അത് അവന് ദൈവത്തിലുള്ള വിശ്വാസം നഷ്ടപ്പെട്ടതുകൊല്ല, പിന്നെയോ, എന്തുകൊാണ് അങ്ങനെ സംഭവിച്ചതെന്ന വിശദീകരണം മനസിലാക്കുന്നതിനായിരുന്നു. ദൈവം തന്റെ ശത്രുവായെന്ന് കരുതി അവൻ ദൈവത്തെ വിധിക്കുവോളം എത്തി (19:11).

യിരെമ്യാവിനും അതേ തോന്നലുായി, അവൻ പറഞ്ഞു, "യഹോവേ, ഞാൻ നിന്നോട് ചോദിച്ചാൽ നീ നീതിമാനായിരിക്കും; എങ്കിലും ന്യായങ്ങളെ കുറിച്ച് ഞാൻ നിന്നോട് ചോദിപ്പാൻ തുനിയുന്നു; ദുഷ്ടന്മാരുടെ വഴി ശുഭമായിരിപ്പാൻ സംഗതി എന്ത്? ദ്രോഹം പ്രവർത്തിക്കുന്നവരെല്ലാം നിർഭയന്മാരായിരിക്കുന്നതെന്ത്?" (യിരെമ്യാവ് 12:1). ദൈവത്തിന്റെ വിശുദ്ധിയും ശക്തിയും ഹബക്കൂക്ക് തിരിച്ചറിഞ്ഞിരുന്നു (ഹബക്കൂക്ക് 1:12, 13), ദൈവം തന്റെ സ്വന്തജനത്തേക്കാൾ ദോഷം ചെയ്യുവാനനുവദിക്കുകയും സ്വന്തജനത്തെ ശിക്ഷിക്കുകയും ചെയ്യുന്നതെന്തുകൊാണെന്ന് അറിയുവാൻ അവൻ ആഗ്രഹിച്ചു. ആ ആളുകൾ ദൈവത്തെ കുറ്റപ്പെടുത്തുകയോ അവന്റെ അന

്യായത്തെ പഴിക്കുകയോ ചെയ്തില്ല. സംഭവിക്കുന്നതെന്തെന്ന് അവൻ വിശദ മാക്കുവാൻ ആ ആളുകൾ ആഗ്രഹിച്ചു.

ഇയ്യോബ് ദൈവത്തെ ചോദ്യം ചെയ്തു, പക്ഷെ അവൻ അവനെ സംശ യിച്ചില്ല. അതിന് വ്യത്യാസമു്. ഇയ്യോബ് കതുപോലെ, ദൈവത്തിന് അവനേ ാട് അങ്ങനെ ചെയ്യുവാൻ അവകാശമു്, പക്ഷെ എന്തൂകൊാണെന്ന് ഇയ്യോബ് അറിയുവാൻ ആഗ്രഹിച്ചു.

അവൻ അപ്പോഴും ദൈവത്തെ ബഹുമാനിക്കുകയും, അവന്റെ മഹത്വത്തെ വർണ്ണിക്കുകയും ചെയ്തു. തന്നേക്കാൾ ദൈവം വലിയവനാണെന്ന് അവൻ സമ്മതിച്ചു (9:1-12; 10:4-12). 13:20, 21-ൽ അവൻ ദൈവത്തോട് ര് അപേക്ഷ കൾ സമർപ്പിച്ചു: (1) തന്റെ കൈ ദൈവം അവനിൽനിന്നും മാറ്റുക (2) തന്റെ സാന്നിദ്ധ്യത്താൽ ദൈവം അവനെ ഭയപ്പെടുത്താതിരിക്കുക.

ദൈവമുൻപാകെ ഇയ്യോബ് ഒരു വിചാരണ ആഗ്രഹിച്ചു. തന്നോട് ഇത്രയും പരുഷമായി ഇടപെടുവാൻ കാരണമെന്തെന്ന് അറിയുവാൻ ഇയ്യോബ് ആഗ്രഹിച്ചു (13:18). ദൈവത്തിലാണ് തന്റെ രക്ഷ എന്ന് അവൻ അപ്പോഴും വിശ്വസിച്ചിരുന്നു (13:16).

ഇയ്യോബിനോട് കാഠിന്യത്തോടെ പെരുമാറുവാൻ ദൈവം അനുവദിച്ചു. ദൈവം അവനെ മറിച്ചിട്ടതായിട്ടാണ് ഇയ്യോബിന് തോന്നിയത്. ദൈവം അവനെ ഉപദ്രവിച്ച് തന്റെ മഹിമ കീറിക്കളഞ്ഞു, അതെന്തുകൊാണെന്നറിഞ്ഞുവെങ്കിൽ, അവന് അത് സഹിക്കുവാൻ കഴിയുമായിരുന്നു (19:7-9).

## ഉപസംഹാരം

ഇയ്യോബിന്റെ ഈ പഠനത്തിൽനിന്ന് പല തീർച്ചയിലേക്കും നമുക്ക് എത്തുവാൻ കഴിയും.

ഒന്നാമതായി, സമ്പൽസമൃദ്ധി ദൈവം അംഗീകരിക്കുന്നതിന്റെയോ, അല്ലെങ്കിൽ, ആപത്തുകാലം ദൈവം തള്ളിക്കളയുന്നതിന്റെയോ അടയാളമല്ല (21:7-26). ദൈവത്തിന്റെ പ്രകൃതിനിയമങ്ങളെ ആശ്രയിച്ചായിരിക്കും ഏതൊ രാൾക്കും സമൃദ്ധിയുാകുന്നതും നിർഭാഗ്യമുാകുന്നതും.

രാമതായി, അപ്പോൾ സ്പഷ്ടമായില്ലെങ്കിലും, ഒരു ദിവസം കണക്ക് കൊടുക്കണമെന്ന് നീതി ആവശ്യപ്പെടുന്നു. നീതിമാന്മാരേക്കാൾ ദുഷ്ടന്മാ ർ അഭിവൃദ്ധി പ്രാപിക്കുന്നുന്ന് തോന്നുന്നുങ്കെിലും, അവസാനം അവർ ദൈവത്തിന്റെ നീതി നേരിടേിവരുമെന്ന് ഇയ്യോബിന് അറിയാമായിരുന്നു. (21:17-30). എല്ലാ കണക്കുകളും ദൈവം ഈ ജീവിതത്തിൽ തീർക്കുകയില്ല. അവ എങ്ങനെ ശരിയാക്കണമെന്ന് അവന് അറിയാം - അതുകൊ് കണക്കു കൾ ശരിയാക്കുന്നവനിൽ നാം ആശ്രയിക്കണം (റോമർ 12:17-21). ദുഷ്ടൻ മാനസാന്തരപ്പെട്ട് ദൈവത്തിലേക്ക് തിരിഞ്ഞ് പ്രത്യാശ പ്രാപിക്കുവാൻ അവൻ ദീർഘക്ഷമ കാണിക്കുന്നു (2 പത്രൊസ് 3:9; യെഹെസ്ക്കേൽ 33:11).

മൂന്നാമതായി, ഇയ്യോബിനെയും അവന്റെ സ്നേഹിതരേയും പോലെ എല്ലാ പ്രശ്നങ്ങളും പരിഹരിക്കുവാൻ ഭൗമികമായ ജ്ഞാനം മാത്രം ഉപ യോഗിച്ചാൽ പരിഭ്രമിക്കപ്പെടും. ഇയ്യോബിന് മനസിലായില്ല, അവന് അത് അറിയുകയും ചെയ്തു. അവന്റെ സ്നേഹിതന്മാർ മനസിലാക്കി എന്നു വിചാ രിച്ചിരുന്നു, പക്ഷെ അവരുടെ ഗ്രാഹ്യക്കുറവ് അവർ തിരിച്ചറിഞ്ഞിരുന്നില്ല. മാനുഷിക ജ്ഞാനത്തൽ പ്രതിസന്ധികളെ പരിഹരിക്കുവാൻ ശ്രമിക്കുന്നവ രെല്ലാം തരണം ചെയ്യുവാൻ കഴിയാത്ത പ്രശ്നങ്ങളിലകപ്പെടും. യിരെമ്യാവ്

ജ്ഞാനത്തോടെ പറഞ്ഞു, "... മനുഷ്യന്നു തന്റെ വഴിയും, നടക്കുന്നവന്നു തന്റെ കാലടികളെ നേരെ ആക്കുന്നതും, സ്വാധീനമല്ല എന്നു ഞാൻ അറിയുന്നു" (യിരെമ്യാവ് 10:23). ദൈവത്തിനുവേി യെശയ്യാവ് സംസാരിച്ചുകൊ്, പറഞ്ഞു, "എന്റെ വിചാരങ്ങൾ നിങ്ങളുടെ വിചാരങ്ങൾ അല്ല, നിങ്ങളുടെ വഴികൾ എന്റെ വഴികളുമല്ല ..." (യെശയ്യാവ് 55:8).

നമുക്ക് വഹിപ്പാൻ കഴിയാത്ത ചില കുഴപ്പങ്ങൾ നമ്മിൽ വരുവാൻ ദൈവം അനുവദിക്കും, എന്നാൽ അതിന്റെ ഫലം നിത്യമായ നന്മയായിരിക്കും (റോമർ 8:28). നമ്മുടെ ജീവിതം നശിക്കുന്നതിന് ദൈവത്തെ പഴിച്ചിട്ടുകാര്യമില്ല. നമ്മുടെ ആത്മാക്കളെ രക്ഷിക്കുന്നതിനാണ് ദൈവം അന്വേഷിക്കുന്നത്. നിത്യജീവനെ കുറിച്ചു ദൈവം കരുതുന്നതുപോലെ, അവൻ നമ്മുടെ ഭൗമികജീവിതത്തെ കുറിച്ചു കരുതുന്നില്ല. ശരീരത്തേക്കാൾ ആത്മാവിനെ കുറിച്ചാണ് അവൻ കരുതുന്നത്. എല്ലാ മനുഷ്യരും, ഈ മുൻഗണനാ ക്രമത്തെ തല തിരിച്ചുകളഞ്ഞിരിക്കയാണ്.

കുരുടന്മാരുടേയും ബധിരരുടേയും കഷ്ടതകൾ നമ്മെ വിഷമിപ്പിക്കാറു്. സത്യം എന്തെന്നാൽ, അവർക്ക് ആ വിഷമങ്ങളെല്ലാമുങ്കെിലും, കുരുടന്മാർക്ക് ചിലപ്പോൾ കാഴ്ച്ചയുള്ളവരേക്കാൾ ഉൾക്കാഴ്ച്ച ഉള്ളതായി കാണുന്നു്. ഭൗതികമായ കാഴ്ച്ചക്ക് വാസ്തവത്തിലുള്ള മൂല്യം കാണുവാൻ കഴിയും എന്ന ഉറപ്പില്ല. ഭൗതികമായ കേൾവിയില്ലാത്തവരിൽ കാണുന്ന അവരുടെ മറ്റു താലന്തുകൾ പരിശോധിച്ചാൽ, അവർക്ക് കേൾവി ഉായിരുന്നുവെങ്കിൽ ഒരിക്കലും ആ കഴിവുകളുാകുമായിരുന്നില്ല എന്നു മനസിലാകും. ഒരു ദാനം കുറവായിരിക്കുന്നത് മറ്റു ദാനങ്ങൾ ലഭിക്കുവാൻ സാഹചര്യമൊരുക്കുന്നു.

അവസാനമായി, നീതിമാൻ വിജയിക്കും (17:9). അവൻ മുൻപോട്ടും മുകളിലോട്ടും ചലിക്കും. നിർമ്മലഹൃദയർ ശക്തരായിതീരും.